## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1568 — 04/12/2015-ൽ മറുപടിയ്ക്ക്

### നഗരസഭാ പ്രദേശങ്ങളിലെ പൊതുശ്മശാനങ്ങൾ

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നഗരസഭാ പ്രദേശങ്ങളിൽ സ്ഥല സൗകര്യം കുറവായതിനാൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ടോ വ്യക്തമാക്കുമോ; | (എ) | കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. പൊതു ശ്മശാനങ്ങൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നിലവിൽ ഏതെല്ലാം നഗരസഭാ പ്രദേശങ്ങളിൽ ഇതിനായി സ്ഥലം ഏറ്റെടുക്കുകയോ, പൊതു ശ്മശാനങ്ങൾ നിർമ്മിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്നു പറയാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 56 നഗരസഭകളിൽ പൊതുശ്മശാനം നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന നഗരസഭകളിൽ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ശ്മശാന നിർമ്മാണത്തിനുള്ള ഫണ്ട് മാത്രമാണ് സർക്കാർ നൽകുന്നത്. |
| (സി) | വരും നാളുകളിൽ നഗരസഭാ കോർപ്പറേഷൻ പ്രദേശങ്ങളിൽ മൃതശരീരം സംസ്കരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കൂടുമെന്നിരിക്കേ എല്ലാ നഗരസഭകളിലും ആവശ്യത്തിന് പൊതുശ്മശാനങ്ങൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | എല്ലാ നഗരസഭകളിലും പൊതു ശ്മശാനങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടു കൂടി " നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണം" പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ